പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5191 | 23-05-2017-ലെ മറുപടിയ്ക്ക്

## കാർഷികരംഗത്തുണ്ടായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ പദ്ധതി

ചോദ്യം | മറുപടി

**ശ്രീ.ഇ.പി.ജയരാജൻ**
**ശ്രീ.കെ.സുരേഷ് കുറുപ്പ്**
**ശ്രീ.പി. ഉണ്ണി**
**ശ്രീ.ജോർജ് എം. തോമസ്**

ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് കാർഷികരംഗത്തുണ്ടായ പിന്നോക്കാവസ്ഥ പരിഹരിച്ച് കൃഷിയുടെ വളർച്ച പുനഃസ്ഥാപിക്കാനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

**(എ)** മുൻ സർക്കാരിന്റെ കാലത്ത് കാർഷിക രംഗത്തുണ്ടായ പിന്നോക്കാവസ്ഥ പരിഹരിച്ച് കൃഷി വളർച്ച പുനഃസ്ഥാപിക്കാനായി 2017-18 സാമ്പത്തിക വർഷം ചുവടെ പറയുന്ന പ്രധാന പദ്ധതികൾ നടപ്പിലാക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിഹിതം (ലക്ഷം രൂപയിൽ) |
|---|---|---|
| 1 | നെൽകൃഷി വികസനം | 7000.00 |
| 2 | പച്ചക്കറി കൃഷി വികസനം | 8500.00 |
| 3 | തെങ്ങ് കൃഷി വികസനം | 4500.00 |
| 4 | സുഗന്ധവ്യഞ്ജന വിളകളുടെ വികസനം | 1000.00 |
| 5 | ഹൈ-ടെക് അഗ്രിക്കൾച്ചർ | 100.00 |
| 6 | അഗ്രോ സർവ്വീസ് സെന്ററും സേവനം നൽകലും | 3200.00 |
| 7 | മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, തേനുല്പാദനം, കേരള അഗ്രോ ബിസിനസ്സ് കമ്പനി സ്ഥാപിക്കൽ എന്നിവ | 2700.00 |
| 8 | പ്രത്യേക കാർഷിക മേഖലകൾ | 1000.00 |
| 9 | വിലസ്ഥിരതയ്ക്ക് വിപണിയിടപെടൽ | 1500.00 |

**(ബി)** പ്രത്യേക കാർഷിക മേഖല മുഖേനയുണ്ടാകാനിടയുള്ള നേട്ടങ്ങൾ അറിയിക്കാമോ; ഇവയുടെ പ്രഖ്യാപനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**(ബി)** സംയോജിതവും ഫലപ്രദവുമായി പദ്ധതികൾ തയ്യാറാക്കി കേന്ദ്രീകൃതവും പ്രോജക്ട് അധിഷ്ഠിതവുമായ ഇടപെടലുകളോടെ തിരഞ്ഞെടുത്ത വിളയുടെ പരമാവധി ഉല്പാദനം സാധ്യമാക്കുന്നതിനും മെച്ചപ്പെട്ട വിപണനം സജ്ജമാക്കി മെച്ചപ്പെട്ട വില നേടിയെടുക്കുവാനും പ്രത്യേക കാർഷിക മേഖല എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഓരോ മേഖലയിലും ഉല്പാദനം, വിപണനം, സംസ്കരണം, മൂല്യവർദ്ധനവ്, സംഭരണം

തുടങ്ങി സമസ്ത കാർഷിക പ്രവർത്തനങ്ങളും നടപ്പിലാക്കുക വഴി ഓരോ മേഖലയും സ്വയംപര്യാപ്തമാകണമെന്നാണ് വിഭാവന ചെയ്തിട്ടുള്ളത്.

'പ്രത്യേക കാർഷിക മേഖലകൾ' സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2017-18 സാമ്പത്തിക വർഷം 1000.00 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പ്രധാന വിളകൾക്കായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക കാർഷിക മേഖലകൾ താഴെപറയും പ്രകാരമാണ്.

നെല്ല് - കുട്ടനാട്, കോൾ പ്രദേശം, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്

പച്ചക്കറി - ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ-കൊല്ലങ്കോട്

പഴം - തൃശ്ശൂർ

പൂക്കൾ - വയനാട്

നാളികേരം- കോഴിക്കോട്

**(സി)** നാണ്യവിളകളുടെയും സുഗന്ധവ്യഞ്ജനങ്ങളുടെയും വിലസ്ഥിരതക്കും ഉല്പാദന-ഉല്പാദനക്ഷമതാ വർദ്ധനവിനുമായി പദ്ധതികളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

നാണ്യവിളയായ റബ്ബറിന്റെ വിലസ്ഥിരതയ്ക്കായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം എന്ന പദ്ധതിയ്ക്ക് 500.00 കോടി രൂപ പദ്ധതിയേതര ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതിയുടെ ഭാഗമായി രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് ബെഞ്ച്മാർക്ക് വിലയായ കിലോഗ്രാമിന് 150 രൂപയും വിപണി വിലയും തമ്മിലുള്ള വ്യത്യാസം കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തുവരുന്നു.

സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പ്, ജാതി എന്നിവയുടെ കൃഷിവ്യാപനം, ഉത്പാദനം, ഉത്പാദനക്ഷമതാ വർദ്ധനവ് എന്നിവയ്ക്കായി 'സുഗന്ധവ്യഞ്ജന വിളകളുടെ വികസനം' എന്ന പേരിൽ 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. 10 കോടി രൂപയാണ് പദ്ധതി വിഹിതമായി ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ വയനാട് പാക്കേജ് പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലെ കുരുമുളക് കൃഷി വികസനത്തിനായി 13.30 കോടി രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ചെറുകിട കർഷകർ കൊളുന്ത് വിപണിയിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഗണിക്കുന്നതിനായി കൃഷി വകുപ്പ് മന്ത്രി പീരുമേട് എം.എൽ.എ-യുടെ സാന്നിദ്ധ്യത്തിൽ കർഷകരുടേയും, ടീ ബോർഡ്, ഉപാസി (UPASI), തേയില ഫാക്ടറി ഉടമകൾ എന്നിവരുടെ പ്രതിനിധികളുടെ ഒരു യോഗം വിളിച്ച് ചേർക്കുകയും കർഷകർക്ക് ഓഹരി ഉടമസ്ഥാവകാശമുള്ള ഫാർമർ പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കാനും തീരുമാനിച്ചു. മൂന്ന് ചെറുകിട തേയില സംസ്കരണ ഫാക്ടറികൾ ഈ കമ്പനികളുടെ ഉടമസ്ഥതയിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടാകുകയും ആയത് സർക്കാർ പരിശോധിച്ച് വരികയുമാണ്.

**സെക്ഷൻ ഓഫീസർ**